
# Malayala Manorama
# 25 August 2018
# Aluva ; Flood,Relief



...ാംപിലെ അംഗങ്ങൾ ഓണാഘോഷത്തിന്റെ ഭാഗമായി ...യോഗിച്ചത്. ചിത്രം: ജിബിൻ ചെമ്പോല ● മനോരമ

...ചേർന്ന അവലോകന യോഗത്തിന്റേതാണു തീരുമാനം.

**യോഗത്തിലെ മറ്റു പ്രധാന തീരുമാനങ്ങൾ**

- പമ്പയിൽ അടിഞ്ഞുകൂടിയ ചെളി നീക്കും.
- പമ്പയിൽ ആവശ്യത്തിനു ജൈവ ശുചിമുറി സംവിധാനം
- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കും.
- റോഡുകൾക്കു സംരക്ഷണഭിത്തി നിർമിക്കും
- ശബരിമലയിൽ ശഗതാഗതനിയന്ത്രണം. പമ്പയിൽ വൺവേ.
- വൈദ്യുതിവിതരണത്തിനു പുതിയ ടവറുകൾ നിർമിക്കും.
- ...ക്കാലിക മണ്ഡപം നിർമിക്കും.
- വലിയാനവട്ടം, ചെറിയാനവട്ടം പാലങ്ങളുടെ പുനരുദ്ധാരണം
- പമ്പയിലെ ആശുപത്രി ഉടൻ പ്രവർത്തനമാരംഭിക്കും.

ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ അധ്യക്ഷനായിരുന്നു. ആന്റോ ആന്റണി എംപി, രാജു ഏബ്രഹാം എംഎൽഎ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ.രാഘവൻ, കെ.പി.ശങ്കരദാസ്, ആർമി മേജർ ആശിഷ് ഉപാധ്യായ, ദേവസ്വം കമ്മിഷണർ എൻ.വാസു, ജില്ലാ പൊലീസ് മേധാവി ടി.നാരായണൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. 15 ദിവസം കഴിഞ്ഞു വീണ്ടും യോഗം ചേരും.

## ബെയ്‌ലി പാലം

നേരത്തേ സജ്ജമാക്കിയ ഭാഗങ്ങൾ കൂട്ടിയോജിപ്പിച്ച് എളുപ്പത്തിൽ നിർമിക്കുന്ന താൽക്കാലിക പാലമാണു ബെയ്‌ലി പാലം. രണ്ടാം ലോകമഹായുദ്ധകാലത്തു ബ്രിട്ടിഷ് ഉദ്യോഗസ്ഥനായിരുന്ന ഡോണാൾഡ് ബെയ്‌ലി സൈനിക ആവശ്യങ്ങൾക്കായി രൂപകൽപന ചെയ്ത സാങ്കേതിക സംവിധാനമാണിത്. ഉരുക്കും തടിയുമാണു പാലത്തിന്റെ പ്രധാന ഘടകങ്ങൾ. ആവശ്യം കഴിഞ്ഞാൽ പാലം പൊളിച്ചുനീക്കാനും ഏറെയെളുപ്പം. നമ്മുടെ കരസേന ബെയ്‌ലി പാലം നിർമാണത്തിൽ വൈദഗ്ധ്യം നേടിയവരാണ്.

പത്തനംതിട്ട ജില്ലയിലെ റാന്നി പാലം 1996 ജൂലൈ 29നു തകർന്നുവീണപ്പോൾ പകരം കരസേന നിർമിച്ച ബെയ്‌ലി പാലമായിരുന്നു ആശ്രയം. കഴിഞ്ഞ വർഷം പത്തനംതിട്ട, കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന ഏനാത്തുപാലം വഴി ഗതാഗതം നിരോധിച്ചപ്പോൾ കരസേന നിർമിച്ച ബെയ്‌ലി പാലം വഴിയാണു താൽക്കാലികമായി ഗതാഗതം ക്രമീകരിച്ചത്.

## സാധനങ്ങൾ തട്ടിയെടുത്താൽ കർശന നടപടി: മുഖ്യമന്ത്രി

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● ദുരിതാശ്വാസ ക്യാംപുകളിൽനിന്നു സാധനങ്ങൾ തട്ടിക്കൊണ്ടുപോവുകയോ മോഷ്ടിക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

പല ക്യാംപുകളിലും ബലം പ്രയോഗിച്ചു സാധനങ്ങൾ കൊണ്ടുപോകുന്ന കാര്യം മാധ്യമ പ്രവർത്തകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണു മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

വഴിയിൽ ആളുകളെ തടഞ്ഞുവച്ച് ദുരിതാശ്വാസത്തിന് അനധികൃത പിരിവു നടത്തുന്നതു തടയാൻ കർശന നടപടി സ്വീകരിക്കും. ജനങ്ങളുടെ സന്മനോഭാവത്തെ ചൂഷണം ചെയ്യാൻ അനുവദിക്കില്ല.

ഇത്തരക്കാർ പിന്തിരിഞ്ഞില്ലെങ്കിൽ കർശന നടപടിക്കു പൊലീസിനു നിർദേശം നൽകിയിട്ടുണ്ട്.

തിരുവോണദിവസവും മുഖ്യമന്ത്രിയുടെ ഓഫിസ് പ്രവർത്തിക്കും.

## ദുരിതാശ്വാസത്തിന് സർക്കാരിന്റെ 'നവകേരള' ലോട്ടറി

**മനോരമ ലേഖകൻ**

ആലപ്പുഴ ● പ്രളയ ദുരിതാശ്വാസത്തി... കൂടുതൽ തുക കണ്ടെത്താൻ സംസ്ഥാന സ... ക്കാർ പ്രത്യേക ഭാഗ്യക്കുറി ആരംഭിക്കു... 'നവകേരള' എന്നു പേരിട്ട ഭാഗ്യക്കുറിയി... ദുരിതാശ്വാസസംഭാവനയെന്ന നിലയി... ചെറിയ സമ്മാനങ്ങൾ മാത്രമാകും ഉൾപ്പെ... ത്തുക.

ഒരു ലക്ഷം രൂപയുടെ 90 ഒന്നാം സമ്മാന... ളും 5000 രൂപയുടെ ഒരു ലക്ഷം രണ്ടാം സമ്മാ... ങ്ങളും നൽകും. ടിക്കറ്റ് വില 250 രൂപ. സെപ്... ബർ മൂന്നിനു വിൽപന ആരംഭിച്ച് ഒക്ടോബ... മൂന്നിനു നറുക്കെടുക്കും. 90 കോടി രൂപ അ... ദായമാണു പ്രതീക്ഷിക്കുന്നത്. പ്രളയബാ... തർക്കു സർക്കാർ പ്രഖ്യാപിച്ച പലിശരഹി... വായ്പയ്ക്കു പലിശ കണ്ടെത്താനും മറ്റു ദു... താശ്വാസ പ്രവർത്തനങ്ങൾക്കും ഈ തുക ... നിയോഗിക്കും. ഓരോ ടിക്കറ്റിനും 25% വിൽ... നക്കമ്മിഷൻ.

പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹ... ള്ള ആർക്കും സൗജന്യമായി താൽക്കാ... ക ഏജൻസി റജിസ്റ്റർ ചെയ്ത് ഭാഗ്യക്കു... ഓഫിസുകളിൽനിന്നു ടിക്കറ്റെടുക്കാമെ... മന്ത്രി ടി.എം.തോമസ് ഐസക് അറിയിച്ചു.


...കൾ

- അജൈവ മാലിന്യം ഏറ്റെടുത്ത് സംസ്കരിക്കുന്ന ചുമതല ക്ലീൻ കേരള കമ്പനിക്ക്

...ഏറ്റെടുക്കാൻ ഏജൻസികളു...

...രണം

...കാത്ത മാലിന്യങ്ങൾ ബന്ധ... ...ളെ ഏൽപിക്കുന്നതുവരെ ...ൽ തദ്ദേശ സ്ഥാപനങ്ങളുടെ ...താൽക്കാലിക സംവിധാനം. ...ന്യങ്ങൾ ഏറ്റെടുത്ത് വിവിധ ...ി സംസ്കരിക്കുന്നതിനുള്ള ...ള കമ്പനിക്ക്. ...ടക്കുന്ന വാഹനങ്ങൾ മൂലമു... ...പ്രശ്നം പരിഹരിക്കും.



## രണ്ടുദിവസം മതി, പുതിയ റേഷൻ കാർഡ് കിട്ടാൻ

പ്രത്യേക അദാലത്തിലൂടെ പകരം കാർഡ് നൽകും

**മനോരമ ലേഖകൻ**

ആലപ്പുഴ ● വെള്ളപ്പൊക്കത്തിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്കു പ്രത്യേക അദാലത്ത് നടത്തി എത്രയുംവേഗം പകരം കാർഡ് നൽകണമെന്നു മന്ത്രി പി.തിലോത്തമൻ ഭക്ഷ്യവകുപ്പ് ഉദ്യോഗസ്ഥർക്കു നിർദേശം നൽകി.

റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് ഒന്നോ രണ്ടോ ദിവസം കൊണ്ടു പുതിയവ നൽകാൻ നടപടിയെടുക്കണം. പഴയ രീതിയിൽ റജിസ്റ്റർ സൂക്ഷിച്ചു റേഷൻ വിതരണം നടത്തണമെന്നും മന്ത്രി നിർദേശിച്ചു.

റേഷൻ കാർഡ് പൂർണമായും നഷ്ടപ്പെട്ടവർ ഡ്യൂപ്ലിക്കേറ്റ് കാർഡിനുള്ള അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നൽകിയാൽ മതി. പുതിയ റേഷൻ കാർഡിന് അപേക്ഷയോടൊപ്പം 200 രൂപയുടെ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകണമെന്ന വ്യവസ്ഥ പ്രളയബാധിതർക്ക് ഒഴിവാക്കും.

കേടുപാടുകൾ ഉള്ള റേഷൻ കാർഡ് കൈവശം ഉള്ളവർ അവ തിരികെ ഏൽപിക്കണം.

ഇപ്രകാരം വിതരണം ചെയ്യുന്ന ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ സാധാരണ കാർഡുകൾ പോലെയുള്ള ആധികാരിക രേഖയായും മറ്റ് ആവശ്യങ്ങൾക്കുള്ള റഫറൽ രേഖയായും ഉപയോഗിക്കാമെന്ന് ഉത്തരവിറക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.